പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1491 | 06-03-2017-ലെ മറുപടിയ്ക്ക്

# കൃഷി വിള ഇൻഷ്വറൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആന്റണി ജോൺ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കടുത്ത വരൾച്ച നേരിടുന്ന സാഹചര്യത്തിൽ കൃഷിവിള ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് കൃഷിവകുപ്പ് നടപ്പിലാക്കി വരുന്നത്; | (എ) കൃഷി വകുപ്പ് മുഖേന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്രവും സംസ്ഥാനവും സംയോജിതമായി പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും കേരവൃക്ഷ വിള ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിവരുന്നു. |
| (ബി) ഏതെല്ലാം കാർഷിക വിളകളാണ് ഇൻഷ്വറൻസ് പരിധിയിൽ വരുന്നത്; | (ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നിവയ്ക്ക് സംരക്ഷണം നൽകുന്നു.<br><br>പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി പ്രകാരം 2016-17 റാബി സീസണിൽ നെല്ല്, വാഴ, മരച്ചീനി എന്നീ വിളകൾക്കും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി 2016-17 ഖാരിഫ് സീസണിൽ നെല്ല്, വാഴ, കുരുമുളക്, തെങ്ങ്, കമുക്, ഇഞ്ചി, മഞ്ഞൾ, ഏലം, പൈനാപ്പിൾ, കരിമ്പ് എന്നീ 10 വിളകൾക്കും റാബി സീസണിൽ നെല്ല്, വാഴ, കശുമാവ്, കരിമ്പ്, മാവ്, ശീതകാല പച്ചക്കറികൾ എന്നീ വിളകൾക്കും ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) വിള ഇൻഷ്വറൻസ് ലഭിക്കുന്നതിനു വേണ്ട മാനദണ്ഡങ്ങൾ | (സി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്ന കർഷകർ കാലാകാലങ്ങളിൽ |

വ്യക്തമാക്കാമോ?

നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ് പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴ് ദിവസങ്ങൾക്കു ശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ. അത്യാഹിതം സംഭവിക്കുമ്പോൾ നാശനഷ്ടം പരമാവധി കുറയ്ക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിരിക്കണം.

കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി നഷ്ടപരിഹാര തുക നൽകുന്നതാണ് പ്രകൃതിക്ഷോഭങ്ങൾ മൂലവും, വന്യമൃഗങ്ങളുടെ ആക്രമണം കൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പദ്ധതിയുടെ സംരക്ഷണം ലഭിക്കും.

പ്രധാനമന്ത്രി ഫസൽ ബീമാ യോജന വിള ഇൻഷുറൻസ് പദ്ധതിയിൽ പ്രകൃതിക്ഷോഭങ്ങൾ, രോഗകീടങ്ങളുടെ ആക്രമണങ്ങൾ എന്നിവ മൂലം പ്രഖ്യാപിത വിളകൾക്ക് അവയുടെ വിജ്ഞാപിത പ്രദേശങ്ങളിലുണ്ടാകുന്ന ഉത്പാദന നഷ്ടത്തിന് ഇൻഷുറൻസ് പരിരക്ഷ നൽകുന്നു.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അധിവൃഷ്ടി, അനാവൃഷ്ടി, ശക്തമായ കാറ്റ്, തുടർ ദിവസങ്ങളിലുണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷുറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥാ നിലയങ്ങളിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

കേരവൃക്ഷ ഇൻഷുറൻസ് പദ്ധതി പ്രകാരം പ്രകൃതി ക്ഷോഭം മൂലം ഉത്പാദനക്ഷമതയുള്ള തെങ്ങുകൾ നശിക്കുകയാണെങ്കിൽ കർഷകന് ഇൻഷുറൻസ് സംരക്ഷണം ലഭിക്കുന്നു.

സെക്ഷൻ ഓഫീസർ